ശ്രീ. കെ. കുഞ്ഞമ്പു : കണ്ണൂർ ജില്ലയിൽ അനവധി വിദ്യാലയം പൂത്തിയാകാത്തതിനുള്ള കാരണം അതാണു്.

ശ്രീ. പി. കെ. ചാത്തൻ: അങ്ങനെയുണ്ടെങ്കിൽ അതു നോക്കാം.

കായംകുളം കായലിലെ ചാലുനാട്ടി കുറിക്കൽ.

✻ 1622. [17] ശ്രീ. ജി. കാത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം കായലിൽ ഉണ്ടായിരുന്ന ചാലുനാട്ടികുറികൾ നഷ്ടപ്പെട്ടതുമൂലം വള്ളങ്ങൾക്കും ബോട്ടുകൾക്കും നേരിടാനിടയുള്ള അപായങ്ങളെപ്പറ്റി ഗവണ്മെൻറിനു് ബോദ്ധ്യമുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ എന്തു നടപടി എടുത്തു ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദു്) :

(എ) ഉണ്ടു്.

(ബി) കേടുപാടുകൾ സംഭവിച്ചിട്ടുള്ള കുറികൾ മാറ്റി തൽസ്ഥാനത്തു് കോൺക്രീറു കുറികൾ നാട്ടുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ശ്രീ. ജി. കാത്തികേയൻ : വിളക്കില്ലാത്തതുകൊണ്ടു് അപകടം സംഭവിക്കുന്നതിനാൽ ആവശ്യമുള്ള സ്ഥലങ്ങളിൽ വിളക്കു വയ്ക്കുന്നതിനു് ഏർപ്പാടു ചെയ്യുമോ ?

ശ്രീ. ടി. അബ്ദുൽ മജീദു് : ഏർപ്പാടു ചെയ്യാം.

അന്ധ വിദ്യാലയങ്ങൾ.

✻ 1623. [18] ശ്രീ. സി. കുഞ്ഞുകൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സ്റ്റേറിൽ എത്ര ബ്ലയിൻറു് സ്കൂളുകൾ ഉണ്ടു് ; ഏവിടെയെല്ലാം ;

(ബി) ഏതെങ്കിലും ബ്ലയിൻറു് സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യുവാൻ ഗവണ്മെൻറിനു് വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ ;

(സി) കാസർഗോഡിലുള്ള ബ്ലയിൻറു് സ്കൂളുകൾ അപ്ഗ്രേഡു് ചെയ്യേണ്ട കാര്യം പരിഗണിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ജോസഫു് മുണ്ടശ്ശേരി) :

(എ) 5 (അഞ്ചു്) ; ബ്ലയിൻറു് സ്കൂൾ എന്നു പറയുമ്പോൾ ഡഫു് അൻറു് ഡം സ്കൂളുകൾകൂടി ഉൾപ്പെട്ടതെങ്കിൽ തിരുവല്ലാ സ്കൂൾ ഉൾപ്പെടെ ആറു്. തിരുവനന്തപുരം, കണ്ണംകുളം, കാസർഗോഡു്, മംഗലപുരം, ഇരിഞ്ഞാലക്കുട എന്നിവിടങ്ങളിലാണു് അവ.

(ബി) ഉണ്ടു്.

(സി) പരിഗണിക്കാവുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly